# ഇന്ത്യൻ പൗരന്മാർക്കും കാനഡയിലെ ഇന്ത്യൻ വിദ്യാർത്ഥികൾക്കുമുള്ള ഉപദേശം

2023 സെപ്റ്റംബർ 20

കാനഡയിൽ വർദ്ധിച്ചുവരുന്ന ഇന്ത്യാ വിരുദ്ധ പ്രവർത്തനങ്ങളും രാഷ്ട്രീയപരമായ വിദ്വേഷ കുറ്റകൃത്യങ്ങളും ക്രിമിനൽ അക്രമങ്ങളും കണക്കിലെടുത്ത്, അവിടെയുള്ള എല്ലാ ഇന്ത്യൻ പൗരന്മാരും അങ്ങോട്ടും ഇങ്ങോട്ടും യാത്ര ചെയ്യാനൊരുങ്ങന്നവരും അതീവ ജാഗ്രത പാലിക്കാൻ അഭ്യർത്ഥിക്കുന്നു.

അടുത്തിടെ, ഇന്ത്യൻ നയതന്ത്രജ്ഞരെയും ഇന്ത്യാ വിരുദ്ധ അജണ്ടയെ എതിർക്കുന്ന ഇന്ത്യൻ സമൂഹത്തിലെ വിഭാഗങ്ങൾക്ക്  ഭീഷണി നേരിട്ടിരുന്നു.

കാനഡയിലെ ഇത്തരം സംഭവങ്ങൾ നടന്ന പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുന്നത് ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദ്ദേശം നൽകുന്നു.

കാനഡയിലെ ഇന്ത്യൻ സമൂഹത്തിന്റെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കാൻ ഞങ്ങളുടെ ഹൈക്കമ്മീഷൻ/കോൺസുലേറ്റ് ജനറൽ കനേഡിയൻ അധികാരികളുമായി സമ്പർക്കം പുലർത്തുന്നത് തുടരും.

കാനഡയിലെ സുരക്ഷാ അന്തരീക്ഷം മോശമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, പ്രത്യേകിച്ച് ഇന്ത്യൻ വിദ്യാർത്ഥികൾ അതീവ ജാഗ്രത പാലിക്കാനും നിർദ്ദേശിക്കുന്നു.

ഇന്ത്യൻ പൗരന്മാരും കാനഡയിലെ ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികളും ഒട്ടാവയിലെ ഇന്ത്യൻ ഹൈക്കമ്മീഷനിലോ ടൊറന്റോയിലേയും വാൻകൂവറിലേയും കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയിലോ അവരുടെ വെബ്സൈറ്റുകളിലൂടെയോ MADAD പോർട്ടൽ madad.gov.in വഴിയോ രജിസ്റ്റർ ചെയ്യണം. ഏതെങ്കിലും അടിയന്തര സാഹചര്യമോ അനിഷ്ട സംഭവങ്ങളോ ഉണ്ടായാൽ ഈ രജിസ്ട്രേഷൻ കാനഡയിലെ ഇന്ത്യൻ പൗരന്മാരുമായി മെച്ചപ്പെട്ട ബന്ധം സ്ഥാപിക്കാൻ ഹൈക്കമ്മീഷനെയും കോൺസുലേറ്റ് ജനറലിനെയും പ്രാപ്തരാക്കും.

**ന്യൂഡൽഹി**
**സെപ്റ്റംബർ 20, 2023**